ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 27.05.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ആത്മീയ മൂല്യങ്ങൾ വ്യത്യസ്ത മതവിശ്വാസങ്ങളുള്ളവരെ ഒരുമിച്ച് നിർത്തുന്ന ശക്തിയാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   President Droupadi Murmu has emphasised the need of inculcating spiritual values saying that the spiritual values bind the people of all religions together

2. ലോക്സഭാ തിരഞ്ഞെടുപ്പിൻറെ അവസാനഘട്ടത്തിലേക്കുള്ള പ്രചാരണം രാജ്യത്ത് ഊർജ്ജിതമായി പുരോഗമിക്കുന്നു. മണ്ഡലങ്ങളിൽ പര്യടനം തുടർന്ന് ദേശീയ നേതാക്കൾ.

   Campaign for seventh phase of LS polls is intensified by political parties.

3. റേമൽ ചുഴലിക്കാറ്റിൽ പശ്ചിമബംഗാളിലും, ബംഗ്ലദേശിലും വ്യാപക നാശനഷ്ടം. ചുഴലിക്കാറ്റിൻറെ ശക്തികുറഞ്ഞതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

   Severe cyclonic storm Remal weakens into cyclonic storm; Widespread damages reported in West Bengal and Bangladesh.

4 ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മൺസൂൺ കാലയളവിൽ രാജ്യത്ത് സാധാരണയിൽ കവിഞ്ഞ മഴ ലഭിക്കും. കേരളത്തിൽ അടുത്ത അഞ്ച് ദിവസത്തിനുള്ളിൽ കാലവർഷമെത്താൻ സാധ്യത.

**IMD has forecast above normal rainfall over the country as a whole during the monsoon season June to September this year. Monsoon is expected to arrive in Kerala within the next five days.**

5. സംസ്ഥാനത്ത് ഡ്രൈഡേ ഒഴിവാക്കുന്നതിനായി മദ്യ നയത്തിൽ മാറ്റം വരുത്താൻ പോകുന്നുവെന്ന രീതിയിൽ പ്രചരിക്കുന്ന വാർത്തകൾ അടിസ്ഥാനരഹിതമാണെന്ന് ചീഫ് സെക്രട്ടറി.

**Media reports related to the abolishing of dry days in Kerala is baseless, says Chief Secretary Dr. V. Venu.**

&&&&&&&&&&&&&&&

## EVE PREZ- BRAHMA KUMARIS

ആത്മീയതലത്തിലുള്ള ശാക്തീകരണമാണ്, യഥാർത്ഥ ശാക്തീകരണമെന്നും, ആത്മീയ മൂല്യങ്ങൾ വ്യത്യസ്ത മതവിശ്വാസങ്ങളുള്ളവരെ ഒരുമിപ്പിച്ച് നിർത്തുന്നതായും രാഷ്ട്രപതി ദ്രൗപദി മുർമു. സ്വാർത്ഥതയ്ക്ക് അതീതമായി ഉയർന്ന പൊതുജനക്ഷേമം ലക്ഷ്യമിട്ട് പ്രവർത്തിക്കാൻ കഴിഞ്ഞാൽ അത് ഉള്ളിലുള്ള ആത്മീയതയുടെ സാമൂഹിക പ്രകടനമാകുമെന്നും രാഷ്ട്രപതി പറഞ്ഞു. പൊതുനന്മയ്ക്കുവേണ്ടി യുള്ള ജീവകാരുണ്യ പ്രവർത്തനങ്ങൾ ആത്മീയ മൂല്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണെന്നും ശ്രീമതി മുർമു ചൂണ്ടിക്കാട്ടി. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ബ്രഹ്മകുമാരീസ് സംഘടിപ്പിച്ച ദേശീയ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി.

&&&&&&&&&&&&&&&

## Election (intro)

ലോക്സഭാ തിരഞ്ഞെടുപ്പിൻറെ അവസാനഘട്ടത്തിലേക്കുള്ള പ്രചാരണം രാജ്യത്ത് ഊർജ്ജിതമായി പുരോഗമിക്കുന്നു. 57 മണ്ഡലങ്ങളിലാണ് ജൂൺ ഒന്നിന് ഏഴാംഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്നത്. പ്രമുഖ നേതാക്കളും, താരപ്രചാരകരും മണ്ഡലങ്ങളിൽ സജീവ പര്യടനം തുടരുകയാണ്. വിശദാംശങ്ങളിലേക്ക്..............

*മുതിർന്ന ബിജെപി നേതാവും കേന്ദ്രമന്ത്രിയുമായ അമിത് ഷാ ഉത്തർ പ്രദേശിൽ പ്രചാരണയോഗത്തിൽ പങ്കെടുത്തു. തിരഞ്ഞെടുപ്പിൽ എൻ.ഡി.എ 400-ലധികം സീറ്റുകളിൽ വിജയം നേടുമെന്ന ആത്മവിശ്വാസം അദ്ദേഹം പങ്കുവച്ചു. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ബിഹാറിലെ പട്നാ സാഹിബ് മണ്ഡലത്തിൽ പ്രചാരണം നടത്തി. യുവജനങ്ങൾക്ക് തൊഴിൽ നൽകുന്നതിൽ എൻ.ഡി.എ സർക്കാർ പരാജയപ്പെട്ടതായി അദ്ദേഹം ആരോപണമുയർത്തി. ആർജെഡി നേതാവ് തേജസ്വി യാദവ് ജഹാനാബാദിലാണ് പര്യടനം നടത്തിയത്. മധ്യപ്രദേശ് മുഖ്യമന്ത്രിയും ബിജെപി നേതാവുമായ മോഹൻ യാദവ് പട്നയിൽ പ്രചാരണത്തിനായെത്തി. ജെഡിയു നേതാവ് നിതീഷ് കുമാർ നളന്ദ മണ്ഡലത്തിൽ തിരഞ്ഞെടുപ്പ് റാലിയിൽ പങ്കെടുത്തു. ബിഹാറിൽ എട്ട് സീറ്റിലും , ഹിമാചലിൽ നാലിടത്തും, ഝാർഖണ്ഡിൽ മൂന്ന് മണ്ഡലങ്ങളിലും, ഒഡീഷയിൽ ആറ് ഇടത്തും ഏഴാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കും. പഞ്ചാബിലും യുപിയിലും 13 വീതം സീറ്റുകളിലും, പശ്ചിമബംഗാളിൽ 9 ഇടത്തും, ചണ്ഡീഗഢിൽ ഒരു സീറ്റിലും ജൂൺ ഒന്നിനാണ് വോട്ടെടുപ്പ്.*

*ന്യൂസ് ഡസ്ക്, ആകാശവാണി*

&&&&&&&&&&&&&&&&&&

## PM-INTERVIEW

തദ്ദേശീയ പ്രതിഭകളെ പ്രോത്സാഹിപ്പിക്കുകയും തൊഴിൽ സാധ്യത വർദ്ധിപ്പിക്കുകയുമാണ് ആത്മനിർഭർ ഭാരത് എന്നതുകൊണ്ട് ലക്ഷ്യമിടുന്നതെന്ന് പ്രധാനമന്ത്രിയും മുതിർന്ന

ബിജെപി നേതാവുമായ നരേന്ദ്ര മോദി. നേരിട്ടുള്ള ആനുകൂല്യ കൈമാറ്റം വഴി 38 ലക്ഷം കോടി രൂപ ആളുകൾക്ക് കൈമാറിയതായും അദ്ദേഹം പറഞ്ഞു. 'രാജ്യം ആദ്യം' എന്നതാണ് എല്ലാ സർക്കാർ തീരുമാനങ്ങളുടെയും കേന്ദ്രബിന്ദുവെന്നും അദ്ദേഹം ഒരു വാർത്താ ഏജൻസിക്ക് നൽകിയ അഭിമുഖത്തിൽ പറഞ്ഞു.

&&&&&&&&&&&&&&&

## IMD- CYCLONE UPDATE

റേമൽ ചുഴലിക്കാറ്റിൻറെ ശക്തികുറഞ്ഞതായി കേന്ദ്രകാലാവസ്ഥാ വകുപ്പ്. ഇന്ന് രാത്രിയോടെ ഇത് തീവ്ര ന്യൂനമർദ്ദമായി മാറുമെന്നും കാലാവസ്ഥാ വിഭാഗം അറിയിച്ചു. നോർത്ത് സൗത്ത് 24 പർഗാനാസ്, കൊൽക്കത്ത, ഹൗറ തുടങ്ങി പശ്ചിമബംഗാളിൻറെ തീരമേഖലയിൽ മഴയുടെ ശക്തി കുറഞ്ഞു. ചുഴലിക്കാറ്റിനെ തുടർന്നുണ്ടായ അതിശക്തമായ മഴയിൽ സംസ്ഥാനത്ത് നിരവധി വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചിരുന്നു. അഞ്ചോളം മരണങ്ങളും പശ്ചിമബംഗാളിൽ റിപ്പോർട്ട് ചെയ്തു. മഴ ശമിച്ചതോടെ മെട്രോ, ലോക്കൽ ട്രെയിൻ സർവീസുകളും, കൊൽക്കത്തയിൽ നിന്നുള്ള വിമാന സർവീസുകളും പുനാരാരംഭിച്ചിട്ടുണ്ട്. ദേശീയ ദുരന്ത നിവാരണ സേനയും, കോസ്റ്റ് ഗാർഡും സംസ്ഥാനത്ത് ദുരിതാശ്വാസ പ്രവർത്തനങ്ങൾ തുടരുകയാണ്. ചുഴലിക്കാറ്റിൽ ബംഗ്ലദേശിലും പത്തിലേറെ മരണങ്ങൾ റിപ്പോർട്ട് ചെയ്തു. 30,000 ത്തോളം വീടുകൾ തകർന്നതായാണ് പ്രാഥമിക കണക്കുകൾ. ഇന്നലെ രാത്രിയോടെയാണ് അതിതീവ്ര ചുഴലിക്കാറ്റ് റേമൽ, ഖേപ്പുപാറയ്ക്കും, സാഗർ ദ്വീപിനുമിടയിൽ തീരം തൊട്ടത്.

&&&&&&&&&&&&&&&

## IMD- MONSOON

ഈ വർഷം ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മൺസൂൺ കാലയളവിൽ രാജ്യത്ത് സാധാരണയിൽ കവിഞ്ഞ മഴ ലഭിക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ദക്ഷിണേന്ത്യയിലും, മധ്യ ഇന്ത്യയിലും മഴ സാധാരണയിൽ കൂടുതലും, വടക്കുപടിഞ്ഞാറൻ ഇന്ത്യയിൽ സാധാരണനിലയിലും വടക്കുകിഴക്കൻ ഇന്ത്യയിൽ സാധാരണയിൽ താഴെയും ആയിരിക്കും കാലവർഷമെന്നും ഐഎംഡി ഡയറക്ടർ ജനറൽ ഡോ.മൃത്യുഞ്ജയ് മൊഹപത്ര പറഞ്ഞു. ദീർഘകാല ശരാശരിയുടെ 106 ശതമാനമായിരിക്കും ഇത്തവണത്തെ മഴ. ജൂൺ മാസത്തിൽ, രാജ്യത്ത് സാധാരണ മഴയാണ് പ്രതീക്ഷിക്കുന്നത്. അടുത്ത അഞ്ച് ദിവസത്തിനുള്ളിൽ കേരളത്തിൽ മൺസൂൺ ആരംഭിക്കുന്നതിന് അനുകൂലമായ സാഹചര്യമുണ്ടെന്നും ഡോ.മൃത്യുഞ്ജയ് മൊഹപത്ര അറിയിച്ചു.

&&&&&&&&&&&&&&&&&

## Rain - Kerala

സംസ്ഥാനത്ത് വെള്ളിയാഴ്ച വരെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്നും നാളെയും
പത്തനംതിട്ട, ആലപ്പുഴ, എറണാകുളം ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരള തീരത്തും തെക്കൻ തമിഴ്നാട് തീരത്തും ഇന്ന് രാത്രി 11.30 വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുള്ളതിനാൽ, മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം. കേരള- കർണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിന് തടസ്സമില്ല.
എന്നാൽ ചുഴലിക്കാറ്റിൻറെ പ്രഭാവം തുടരുന്നതിനാൽ ബംഗാൾ ഉൾക്കടലിൽ മത്സ്യബന്ധനം വിലക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&&

## Chief Secretary

സംസ്ഥാനത്ത് ഡ്രൈഡേ ഒഴിവാക്കുന്നതിനായി മദ്യ നയത്തിൽ മാറ്റം വരുത്താൻ പോകുന്നുവെന്ന രീതിയിൽ പ്രചരിക്കുന്ന വാർത്തകൾ അടിസ്ഥാനരഹിതമാണെന്ന് ചീഫ് സെക്രട്ടറി ഡോ. വി. വേണു. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

മെച്ചപ്പെടുത്തുന്നതിനു സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ നിർദേശ പ്രകാരം നടന്ന ചർച്ചകളെ തെറ്റായി വ്യാഖ്യാനിച്ചാണ് ഇത്തരം പ്രചാരണം നടക്കുന്നതെന്നും അദ്ദേഹം അറിയിച്ചു. സംസ്ഥാനത്ത് എല്ലാ മാസവും ഒന്നാം തീയതി ഡ്രൈഡേ ആചരിക്കുന്നതുമൂലം ബിസിനസ് സാധ്യതകൾ നഷ്ടപ്പെടുന്നതായി സെക്രട്ടറിമാരുടെ യോഗത്തിൽ അഭിപ്രായമുയർന്നിരുന്നു.

എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യാൻ ജനുവരി നാലിനു ചീഫ് സെക്രട്ടറി വിളിച്ചു ചേർത്ത യോഗത്തിലും ഡ്രൈ ഡേ ഒഴിവാക്കുന്ന കാര്യം ഉയർന്നിരുന്നു. എന്നാൽ ഇതിൽ അന്തിമ തീരുമാനങ്ങളൊന്നും എടുത്തിട്ടില്ലെന്നും അദ്ദേഹം അറിയിച്ചു.

&&&&&&&&&&&&&&&

## GUJARAT–RAJKOT FIRE CASE

രാജ്കോട്ട് ഗെയിംസോൺ തീപിടിത്തവുമായി ബന്ധപ്പെട്ട് രണ്ട് പോലീസുകാർ ഉൾപ്പെടെ ഏഴ് ഉദ്യോഗസ്ഥരെ ഗുജറാത്ത് സർക്കാർ സസ്പെൻഡ് ചെയ്തു. ഇവരുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചകളാണ് ദുരന്തത്തിലേക്ക് നയിച്ചതെന്ന് ചൂണ്ടിക്കാട്ടിയാണ് മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേൽ അടിയന്തര നടപടിക്ക് നിർദ്ദേശം നൽകിയത്. അതേസമയം സംഭവത്തിൽ സംസ്ഥാന സർക്കാരിനെ ഗുജറാത്ത് ഹൈക്കോടതി രൂക്ഷമായി വിമർശിച്ചു. ടിആർപി ഗെയിം സോൺ ഉടമസ്ഥർ ഉൾപ്പെടെ ആറു പേർക്കെതിരെ ഹൈക്കോടതി സ്വമേധയാ കേസെടുത്തിരുന്നു. ശനിയാഴ്ചയുണ്ടായ തീപിടിത്തത്തിൽ 30 ഓളം പേർക്കാണ് ജീവൻ നഷ്ടമായത്. ഗെയിം സോൺ ഉടമ യുവരാജ് സിങ് സോലങ്കി ഉൾപ്പെടെ രണ്ടു പേരെ അറസ്റ്റു ചെയ്തതായി രാജ്കോട്ട് സിറ്റി പൊലീസ് കമ്മീഷണർ അറിയിച്ചു. സംഭവം അന്വേഷിക്കുന്നതിനായി അഞ്ചംഗ പ്രത്യേക അന്വേഷണ സംഘത്തെയും നിയോഗിച്ചിട്ടുണ്ട്. വെൽഡിങ് തൊഴിലാളിയുടെ അശ്രദ്ധ തീപിടിത്തത്തിന് കാരണമായെന്നാണ് പ്രാഥമിക നിഗമനം.

&&&&&&&&&&&&&&&

**NIRMALA-BUDGET**

കഴിഞ്ഞ ദശകത്തിൽ കേന്ദ്ര ബജറ്റിൻ്റെ വിശ്വാസ്യതയിൽ ഗണ്യമായ പുരോഗതി ഉണ്ടായതായി ധനമന്ത്രി നിർമ്മല സീതാരാമൻ . സാമ്പത്തിക കാര്യങ്ങളിലെ ദീർഘവീക്ഷണം , സുതാര്യത, ഉൾക്കൊള്ളൽ, സാമൂഹിക വികസനത്തിലും അടിസ്ഥാന സൗകര്യ വികസനത്തിലും നിക്ഷേപം ഉറപ്പാക്കൽ എന്നിവ ബജറ്റുകളുടെ സവിശേഷതയാണെന്നും ധനമന്ത്രി പറഞ്ഞു . നിയമനിർമ്മാണ പ്രക്രിയ ഉൾപ്പെടെയുള്ളവുമായി ബന്ധപ്പെട്ട, മുഴുവൻ ബജറ്റ് പ്രവർത്തനങ്ങളും സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പുതന്നെ പൂർത്തിയായിട്ടുണ്ടെന്നും ഇത് ഭരണപരമായ കാര്യക്ഷമത മെച്ചപ്പെടുത്തിയിട്ടുണ്ടെന്നും ശ്രീമതി സീതാരാമൻ സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&

**DOT-SMS**

എസ് എം എസ് തട്ടിപ്പുകളിൽ നിന്ന് പൗരന്മാരെ സംരക്ഷിക്കാൻ സഞ്ചാർ സാഥി പദ്ധതിയുമായി കേന്ദ്ര ടെലികമ്മ്യൂണിക്കേഷൻ വകുപ്പും ആഭ്യന്തര മന്ത്രാലയവും. . കഴിഞ്ഞ മൂന്ന് മാസത്തിനിടെ എട്ട് എസ് എം എസ് ഹെഡറുകൾ ഉപയോഗിച്ച് പതിനായിരത്തിലധികം വ്യാജസന്ദേശങ്ങൾ അയച്ചത് ശ്രദ്ധയിൽപ്പെട്ടതായി കമ്മ്യൂണിക്കേഷൻ മന്ത്രാലയം അറിയിച്ചു. ഇതിനു പിന്നിലുള്ള സ്ഥാപനങ്ങളെ കരിമ്പട്ടികയിൽ പെടുത്തിയതായും, മന്ത്രാലയം വ്യക്തമാക്കി.

&&&&&&&&&&&&&&&

**RAJASTHAN-HEATWAVE**

രാജസ്ഥാനിൽ ഉഷ്ണതരംഗം തുടരുന്നു, പലയിടങ്ങളിലും റെക്കോർഡ് താപനിലയാണ് രേഖപ്പെടുത്തിയത്. സംസ്ഥാനത്തെ ഏറ്റവും കൂടിയ താപനിലയായ 49.8 ഡിഗ്രീ

സെൽഷ്യസ് ഫലോദിയിൽ രേഖപ്പെടുത്തി. പത്തു നഗരങ്ങളിൽ താപനില 47 ഡിഗ്രിക്ക് മുകളിലായിരുന്നു. കഴിഞ്ഞ 10 വർഷത്തിനിടെയുള്ള ഏറ്റവും ഉയർന്ന ചൂടാണ് രാജസ്ഥാനിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

&&&&&&&&&&&&&&

## J - K- KASHMIR TOURIST INFLUX

രാജ്യത്ത് വിവിധയിടങ്ങളിലായി ഉഷ്ണതരംഗം വ്യാപിക്കുമ്പോൾ കശ്മീരിലേക്കുള്ള സഞ്ചാരികളുടെ ഒഴുക്കിൽ വൻവർധന. ശ്രീനഗർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും ദിനംപ്രതി 95 മുതൽ 100 വരെ വിമാനങ്ങളാണ് സർവീസ് നടത്തുന്നത്. ശ്രീനഗറിലെ ദാൽ തടാകം, ഗുൽമാർഗിലെ ഹിമശൈലങ്ങൾ, പഹൽഗാമ്, സോനാമാർഗ് മുതലായ ഹിൽ സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ വിനോദസഞ്ചാരികളുടെ വലിയ തിരക്കാണ് അനുഭവപ്പെടുന്നത്.

&&&&&&&&&&&&&&

## RAFEL

ഫ്രഞ്ച് ഓപ്പൺ ടെന്നീസ് പുരുഷ സിംഗിൾസിൽ ലോക മുൻ ഒന്നാം നമ്പർ താരം സ്പെയിനിൻറെ റാഫേൽ നദാലും ജർമ്മനിയുടെ അലക്സാണ്ടർ സ്വരേവും തമ്മിലുള്ള പ്രാഥമിക റൗണ്ട് മത്സരം പുരോഗമിക്കുന്നു. രണ്ട് വർഷമായി ഫോമിൽ അല്ലാത്ത നദാൽ 14 തവണ ഫ്രഞ്ച് ഓപ്പൺ കിരീടം നേടിയുണ്ട്.

&&&&&&&&&&&&&&

## Lok Kerala Sabha

ലോകകേരള സഭയുടെ നാലാം പതിപ്പിന്റെ ക്രമീകരണങ്ങൾ വിലയിരുത്താൻ മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ യോഗം ചേർന്നു. പുതിയ കാലത്തെ കുടിയേറ്റം, പ്രവാസലോകത്തിലെ സ്ത്രീ പ്രശ്നങ്ങൾ എന്നിവയ്ക്ക് പ്രത്യേക പ്രധാന്യം നൽകണമെന്ന് മുഖ്യമന്ത്രി യോഗത്തിൽ നിർദേശിച്ചു. തിരുവനന്തപുരത്തു നടന്ന യോഗത്തിൽ സ്പീക്കർ എ എൻ ഷംസീർ, ചീഫ് സെക്രട്ടറി ഡോ.വി വേണു, വിവിധ വകുപ്പ് മേധാവികൾ എന്നിവർ പങ്കെടുത്തു.

&&&&&&&&&&&&&&&

## ARMY- INDIAN OIL

ഗതാഗത രംഗത്തെ സുസ്ഥിരവും പരിസ്ഥിതി സൗഹൃദവുമാക്കുന്നതിൽ സുപ്രധാന ചുവടുവയ്പ്പുമായി ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ. ഹൈഡ്രജൻ ഇന്ധന സെൽ സാങ്കേതികവിദ്യയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി അത്യാധുനിക ഹരിത ഹൈഡ്രജൻ ഇന്ധന സെൽ ബസ് ഇന്ത്യൻ സൈന്യത്തിന് ഐ.ഒ.സി കൈമാറി. ന്യൂ ഡൽഹിയിൽ നടന്ന കൈമാറ്റ ചടങ്ങിൽ കരസേനാ മേധാവി ജനറൽ മനോജ് പാണ്ഡെ, ഇന്ത്യൻ ഓയിൽ ചെയർമാൻ എസ്.എം വൈദ്യ എന്നിവർ പങ്കെടുത്തു.

&&&&&&&&&&&&&&&
&&&&&&&&&&&
&&&&&